## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1550 — 21.03.2012 ൽ മറുപടിയ്ക്ക്

# നശിച്ചുപോകുന്ന വിളയുടെ വിലനിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുമ്പോൾ തെങ്ങ് മുതലായ ദീർഘകാലവിളകൾക്ക് വില നിർണ്ണയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)** കാട്ടാനകൾക്കു പുറമേ മറ്റു വന്യമൃഗങ്ങളുടെ ശല്യം മൂലം ഉണ്ടാകുന്ന വിള നാശത്തിന് ജി.ഒ.(എംഎസ്) 60/2009/കൃഷി തീയതി 21.4.2009 പ്രകാരം സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയിൽ സഹായം നൽകിവരുന്നു. നഷ്ടപരിഹാരമായി കായ്ക്കുന്ന തെങ്ങൊന്നിന് 1000 രൂപയും മൂന്നുവർഷത്തിനു താഴെ പ്രായമുള്ള തെങ്ങിൻതൈകൾ ഇപ്രകാരം നശിക്കുന്നതിന് 100 രൂപയും മൂന്നുമുതൽ ഏഴുവർഷം വരെ പ്രായമുള്ള തെങ്ങുകൾ നശിക്കുന്നതിന് 200 രൂപയും എന്ന നിരക്കിലാണ് നഷ്ടപരിഹാരതോത് നിശ്ചയിച്ചിരിക്കുന്നത്. വിളയുടെ പ്രായവും ഉത്പാദന നഷ്ടവും കണക്കാക്കിയാണ് ഈ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.<br><br>കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 15 വർഷം വരെ പ്രായമുള്ള തെങ്ങുകളുടെ നഷ്ടത്തിന് തെങ്ങൊന്നിന് 600 രൂപയും അതിനുമുകളിൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1150 രൂപ പ്രകാരവുമാണ് നഷ്ട പരിഹാരം നൽകുന്നത്. |
| **(ബി)** സാധാരണ രോഗബാധയെ തുടർന്ന് നശിച്ചുപോകുമ്പോൾ ഇപ്പോൾ നൽകുന്ന സഹായധനത്തിലുപരിയായി വിളയുടെ പ്രായത്തിന്റെ അടിസ്ഥാനത്തിലും ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിലും വില നിശ്ചയിച്ചു നൽകണമെന്ന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | **(ബി)** ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളാകുന്ന കർഷകർക്ക് പദ്ധതി അനുശാസിക്കുന്ന രീതിയിലുള്ള തോതിലുള്ള നഷ്ടപരിഹാരം നൽകുന്നതിന് മാത്രമേ കഴിയുകയുള്ളൂ. ഇപ്പോൾ കേന്ദ്രാവിഷ്കൃത കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ രോഗബാധമൂലം നശിക്കുന്ന തെങ്ങുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയായി 15 വർഷം വരെ പ്രായമുള്ളവയ്ക്ക് തെങ്ങിന് 600 രൂപയും അതിനുമുകളിൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1150 രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു. ഇപ്പോൾ നൽകിവരുന്ന ആനുകൂല്യതോതിൽ |

കൂടുതൽ നൽകണമെങ്കിൽ പദ്ധതി ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ രോഗബാധയെ തുടർന്ന് തെങ്ങ് നശിക്കുമ്പോൾ ഉത്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ അധികം തുക നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ